**ALL KERALA TRADE INSTRUCTORS AND TRADESMANS ORGANISATION**
**DEPARTMENT OF TECHNICAL EDUCATION**
**Reg. No. 268/92, Govt. Recognised as per GO (P) 34/92 P&ARD Dated 19-08-92**
**STATE COMMITTEE**
**Kairali Bldg., TC No. 25/73 (1), Opp. India Hospital, Mele Thampanoor, Thiruvananthapuram - 1. Kerala- 695001**
**Ph : 7012963610**

For Internal Circulation only

# AKTO NEWS LETTER

Volume II Issue :1 July 2018

aktostatecommittee@gmail.com

## സന്ദേശം



സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻമാരും ട്രേഡ് ഇൻസ്ട്രക്ടർമാരും ഹൃദയത്തിലേറ്റുന്ന, 28 സമ്മേളനങ്ങൾ പൂർത്തിയാക്കിയ, രാഷ്ട്രീയ നിഷ്പക്ഷത പാലിച്ച് നേരിന്റെ വഴിയിൽ കരുത്താർജ്ജിച്ച് മുന്നേറുന്ന ആക്റ്റോ എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ മുഴുവൻ പ്രവർത്തകർക്കും ഒരായിരം അഭിനന്ദനങ്ങൾ.

കാറ്റഗറി സംഘടനകൾ കടുത്ത വെല്ലുവിളി നേരിടുന്ന ഈ രാഷ്ട്രീയ കാലഘട്ടത്തിൽ ഭീഷണികളെ സധൈര്യം നേരിടുന്ന ഈ സംസ്ഥാന കമ്മിറ്റിയോടൊപ്പം അവകാശങ്ങൾ നേടിയെടുക്കുന്നതിന് നിങ്ങളുടെ മനസും ഊർജ്ജവും ഉണ്ടാകുമെന്ന വിശ്വാസത്തോടെ എല്ലാവർക്കും ഹൃദ്യമായ ഓണാശംസകൾ....

**എസ്. ബിജു**
**സ്റ്റേറ്റ് പ്രസിഡന്റ്**



# 28-ാം സംസ്ഥാന സമ്മേളനം

## 2018 മാർച്ച് 10 മലമ്പുഴ, പാലക്കാട്

28-ാം സംസ്ഥാന സമ്മേളനം 2018 മാർച്ച് 10 ന് പാലക്കാട് മലമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ രാവിലെ 9 മണിക്ക് പതാക ഉയർത്തിയതോടെ സമ്മേളന പരിപാടികൾക്ക് തുടക്കമായി. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അംഗങ്ങൾ പതാക ഉയർത്തൽ സമയത്ത് എത്തിച്ചേർന്നിരുന്നു.

വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാറിന്റെ അദ്ധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥനയോടുകൂടി പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. ശ്രീമതി ബീനാകുമാരി പി. സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തെ തുടർന്ന് 2017-18 വർഷത്തെ സംഘടനാ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സുരജ് ജി.യും, ട്രഷറർ ശ്രീ. നൈസാം വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. തുടർന്ന് വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ സംഘടനാ തലത്തിൽ വരേണ്ട മാറ്റങ്ങളും പ്രവർത്തന മികവും ചൂണ്ടിക്കാട്ടി സജീവമായി ചർച്ചയിൽ പങ്കെടുത്തു. പൊതു സമ്മേളനത്തിന് സമയമായതിനാലും ശ്രീ. കെ. ബാബു എം.എൽ.എ. എത്തിച്ചേർന്നതിനാലും മറുപടി പ്രസംഗവും വരവുചെലവ് കണക്ക് പാസാക്കലും റിപ്പോർട്ട് അംഗീകരിക്കലും തുടർച്ചാ വേളയിലേക്ക് മാറ്റിവെച്ചു.

മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സ്വാഗതസംഘം ചെയർമാനുമായ ശ്രീമതി ഇന്ദിര രാമചന്ദ്രൻ വി.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മെൻമാരുടെയും ആവശ്യങ്ങളും അതിൽ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:3 നിന്നും 1:1:1 ആക്കണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് ശ്രീ. കെ. ബാബു MLA ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കുവാനുള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി. മലമ്പുഴ ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. തോമസ് വാഴപ്പള്ളി, പാലക്കാട് ജില്ലാ സെറ്റോ ചെയർമാൻ ശ്രീ. റ്റി. ജി. കുട്ടപ്പൻ, എൻ.ജി.ഒ.സംഘം സ്റ്റേറ്റ് സെക്രട്ടറി ശ്രീ. ബാബുരാജ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. മറുപടി പ്രസംഗവും നടത്തി. സംഘടനാ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സമ്മേളനം അംഗീകരിച്ചു. ശ്രീ. ബിജു നന്ദി രേഖപ്പെടുത്തി.

ഉച്ചഭക്ഷണത്തിനുശേഷം യാത്ര അയപ്പ് സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജയ്മോൻ Z. T. സ്വാഗതവും വൈസ് പ്രസിഡന്റ് ശ്രീ. വത്സലകുമാർ ഉദ്ഘാടനവും നിർവ്വഹിച്ചു. ദീർഘകാലത്തെ സർവ്വീസിനുശേഷം വിരമിക്കുന്ന 25 സംഘടനാ അംഗങ്ങൾക്ക് ഉപഹാര സമർപ്പണം ശ്രീ. ഗംഗാധരൻ വി. (പ്രസിഡന്റ്) നിർവ്വഹിച്ചു. 2016-17 വർഷത്തെ മികച്ച എൻ.എസ്. എസ്. പ്രോഗ്രാം ഓഫീസറായി ടെക്നിക്കൽ സെല്ലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പവിത്രൻ എസ്.ആർ. ന് (ട്രേഡ് ഇൻസ്ട്രക്ടർ ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ) മെമന്റോ നൽകി ആദരിച്ചു.10, 12 ക്ലാസ്സ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ആക്റ്റോ അംഗങ്ങളുടെ മക്കൾക്ക് ഉപഹാരവും സമ്മാനിച്ചു. ശ്രീ. അബ്ദുറഹ്മാൻ, ശ്രീ. സന്തോഷ്കുമാർ പി.സി. എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് വിരമിക്കുന്ന അംഗങ്ങൾ മറുപടി പ്രസംഗം നടത്തി. ശ്രീ. വി. പി. എൽദോസ് നന്ദി പ്രകാശിപ്പിച്ചു.

സംഘടനാ സെക്ഷൻ ശ്രീ. ഗിരിചന്ദ്രൻ നായർ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. നൈസാം എം. ഉദ്ഘാടനം ചെയ്തു. തുടർ ചർച്ചയിൽ 14 ജില്ലകളിലുമുള്ള പ്രതിനിധികൾ പങ്കെടുത്തു.

# 2018 – 19 വർഷത്തെ പ്രഥമയോഗം

2018 –19 വർഷത്തെ സംസ്ഥാന കമ്മിറ്റി പ്രഥമ യോഗം ആലുവ ഹോട്ടൽ Palm inn ൽ വെച്ച് 2018 മെയ് 12 ന് നടന്നു. പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. ഒരു വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി രൂപരേഖ അവതരിപ്പിച്ചു. 28–ാം സമ്മേളനത്തെക്കുറിച്ച് യോഗം അവലോകനം ചെയ്തു. യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ

1. അംഗത്വഫീസ് 20 രൂപയായി തുടരുവാനും പ്രവർത്തന ഫണ്ട് 400 രൂപ ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലായി സ്വരൂപിക്കാനും തീരുമാനിച്ചു.
2. സംസ്ഥാന തല മെമ്പർഷിപ്പ് വിതരണോദ്ഘാടനം ജൂലൈ മാസം തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.
3. 2017–18 ൽ ജില്ലാ സമ്മേളനം കൂടാത്ത ആലപ്പുഴ, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ സ്റ്റേറ്റ് കമ്മിറ്റി ഇടപെട്ട് അവ കൂടുവാൻ തീരുമാനിച്ചു.
4. CET GEC തൃശ്ശൂർ, GEC കണ്ണൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലെ മെക്കാനിക്കൽ ബ്രാഞ്ചുകളിലെ ട്രേഡ് ഇൻസ്ട്രക്ടർ / ട്രേഡ്സ്മാൻമാരുടെ വിഷയത്തിൽ ഇടപെടുവാൻ തീരുമാനിച്ചു.
5. നിലവിൽ പി.എസ്.സി. വിളിച്ചിട്ടുള്ള ട്രേഡ് ഇൻസ്ട്രക്ടർ ഷീറ്റ് മെറ്റൽ ട്രേഡിൽ ആറ് ഒഴിവുകളിൽ മാത്രമേ പി.എസ്.സി. നിയമനം നടത്താവൂ. പി.എസ്.സി. ലിസ്റ്റിൽ നിന്ന് കൂടുതൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനെതിരെ ഡയറക്ടർ, ജെ.ഡി., പി.എസ്.സി. എന്നിവർക്ക് പരാതി കൊടുക്കാൻ തീരുമാനിച്ചു. ഇതിനെതിരെ ആക്റ്റോ മെമ്പർമാർ നിയമനടപടി സ്ഥിരീകരിക്കുകയാണെങ്കിൽ (അഫക്റ്റഡ് മെമ്പേഴ്സ്) ആവശ്യമായ സഹായം നൽകുവാൻ തീരുമാനിച്ചു.
6. 'AKTO KERALA STATE' എന്ന വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അഡ്മിന് ദോഷകരമായ നിരവധി പോസ്റ്റുകൾ വരുന്നതിനാൽ ആ ഗ്രൂപ്പ് നിർജ്ജീവമാക്കുവാനും ഓരോ ജില്ലാ അടിസ്ഥാനത്തിൽ മുഴുവൻ അംഗങ്ങളുടേയും ചേർത്ത് വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുവാനും തീരുമാനിച്ചു.
7. അനധികൃത സ്ഥലംമാറ്റം നടത്തിയാൽ സംഘടന ഇടപെടാൻ തീരുമാനിച്ചു.
8. സംഘടനയുടെ ബാങ്ക് അക്കൗണ്ട് പുതിയ ഭാരവാഹികളുടെ പേരിലാക്കുവാൻ ജനറൽ സെക്രട്ടറിയേയും പുതിയ ട്രഷററായ ശ്രീ.വി.പി. എൽദോസിനേയും യോഗം ചുമതലപ്പെടുത്തി.
9. 28–ാം സംസ്ഥാന സമ്മേളന ഫണ്ടിന്റെ കൗണ്ടർഫോയിൽ തിരിച്ചു തരാത്ത യൂണിറ്റുകളിൽ നിന്നും അത് തിരിച്ചുവാങ്ങുവാൻ തീരുമാനിച്ചു.
10. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻസ് സംബന്ധിച്ച ഫയൽ ഡി.റ്റി.ഇ. യിലെ സെക്ഷൻ ക്ലർക്ക് പൂഴ്ത്തിവെച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരന്റെ പേര് വച്ച് എഡ്യൂക്കേഷൻ മിനിസ്റ്റർ, ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ സീനിയർ ജോയിന്റ് ഡയറക്ടർ (ഇ.സി.എസ്.) എന്നിവർക്ക് പരാതി നൽകുവാൻ തീരുമാനിച്ചു. അനകൂലമായ നടപടികൾ ഉണ്ടായില്ലെങ്കിൽ ധർണ്ണ, ഉപവാസം പോലുള്ള സമരപരിപാടികൾ ആവിഷ്കരിക്കുവാൻ യോഗം തീരുമാനിച്ചു.
11. കഴിഞ്ഞ വർഷം ജൂൺ/ മാർച്ച് മാസങ്ങളിൽ ഇറക്കിയ ന്യൂസ് ലെറ്റർ സംഘടനയ്ക്ക് വളരെയധികം പ്രയോജനം ചെയ്തുവെന്ന് യോഗം വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ജൂലൈയിൽ ആക്റ്റോ ന്യൂസ് ലെറ്ററിന്റെ സെക്കന്റ് വോള്യം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. എഡിറ്റോറിയൽ ബോർഡിൽ നിലവിലുള്ള ശ്രീ. ബിജു എസ്., ശ്രീ. സൂരജ് ജി., വി.ആർ. എൽദോസ് എന്നിവർക്ക് പുറമേ ശ്രീ. വത്സലകുമാർ, ശ്രീ. എൻ.ആർ. ശ്രീജിമോൻ, ശ്രീ. ആർ. ഗിരി ചന്ദ്രൻനായർ എന്നിവരെക്കൂടി ഉൾപ്പെടുത്തി.

# 28–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചു വിടൽ

28–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചു വിടൽ യോഗം ഹോട്ടൽ 'പാം ഇൻ'-ൽ വെച്ച് 2018 മെയ് 12 ന് ഉച്ചയ്ക്ക് 12 മണിക്ക് മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സ്വാഗതസംഘം ചെയർമാനുമായ ശ്രീമതി ഇന്ദിര രാമചന്ദ്രന്റെ അദ്ധ്യതയിൽ ചേർന്നു. ഈശ്വര പ്രാർത്ഥനയ്ക്കുശേഷം സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജു എസ്. സ്വാഗതം ആശംസിച്ചു. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. 28–ാം സംസ്ഥാന സമ്മേളന റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. വി.പി. എൽദോസ് വരവ്ചെലവ് കണക്കുകൾ അവതരിപ്പിച്ചു. വരവ് 2,26,210 രൂപയും ചെലവ് 2,05,032 രൂപയുമാണ്. റിപ്പോർട്ടും, വരവ്ചെലവ് കണക്കുകളും യോഗം അംഗീകരിച്ചു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷനു വേണ്ടിയുള്ള പ്രക്ഷോഭ നടപടികൾ ഈ കമ്മിറ്റി മുൻകൈയെടുത്ത് നടത്തണമെന്നും അതിനുവേണ്ടിയുള്ള എല്ലാ പിന്തുണയും നൽകുന്നതായും ശ്രീമതി ഇന്ദിര രാമചന്ദ്രൻ അദ്ധ്യക്ഷപ്രസംഗത്തിൽ ഉറപ്പു നൽകി. മലമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പല പരിപാടികൾ നടന്നിട്ടുണ്ടെങ്കിലും ഒരു സംഘടനയുടെ സംസ്ഥാന സമ്മേളനം ആദ്യമായിട്ടാണ് ഇവിടെ നടന്നിട്ടുള്ളതെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ കൂട്ടിച്ചേർത്തു. ചിട്ടയോടുകൂടിയ വലിയ ഒരു സംസ്ഥാന സമ്മേളനം നടത്തിയ ആക്ടോ ഭാരവാഹികളെ സ്വാഗതസംഘം ചെയർമാൻ അഭിനന്ദിച്ചു. മലമ്പുഴ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. തോമസ് വാഴപ്പള്ളി 28–ാം സംസ്ഥാന സമ്മേളന നടത്തിപ്പിനെപ്പറ്റി പ്രശംസിക്കുകയും സംഘടനയ്ക്ക് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. ശ്രീ. വത്സലകുമാർ എസ്., ശ്രീ. അജയകുമാർ പി.ടി., ശ്രീ.സന്തോഷ്കുമാർ പി.സി., ശ്രീ.കിരൺ, ശ്രീ.ഗിരിചന്ദ്രൻ നായർ, ശ്രീ. പ്രഭാത് പി.വി., ശ്രീ. നൈസാം എം. തുടങ്ങിയവർ സംസാരിച്ചു. 28–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചുവിടുന്നതായി സ്വാഗതസംഘം ചെയർമാൻ ശ്രീമതി ഇന്ദിര രാമചന്ദ്രൻ പ്രഖ്യാപിച്ചു. ശ്രീ. വി.പി. എൽദോസ് യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയും രേഖപ്പെടുത്തി. ദേശീയഗാനത്തോടുകൂടി യോഗനടപടികൾ ഉച്ചയ്ക്ക് 2 മണിക്ക് അവസാനിച്ചു.



# ഇവർ നമ്മെ നയിക്കുന്നവർ

**സംസ്ഥാന പ്രസിഡന്റ്**



**BIJU S.**
9447502592

**ജനറൽ സെക്രട്ടറി**



**SOORAJ G.**
9447208292

**ട്രഷറർ**



**V.P. ELDHOSE**
9846035514

## വൈസ് പ്രസിഡന്റുമാർ



**S.VALASAKUMAR**
9447965149



**ANTONY SIJU GEORGE**
944792215



**SREEJIMON N.R.**
9946736475




**GIRICHANDRAN NAIR R.**
944610650

## ജോയിന്റ് സെക്രട്ടറിമാർ



**SANTHOSH KUMAR P.C.**
9495497585



**RENJITH KUMAR G**
9946036003



**AJAYAKUMAR P T**
9495575721



**PRABHATH P V**
9495843988

## സോണൽ സെക്രട്ടറിമാർ



**SALIM A**
9895165095



**KIRAN M**
9656001334



**JOBY JOY**
9847857474



**NADIR N**
9847617157

## സംസ്ഥാന കമ്മിറ്റിയംഗങ്ങൾ



**M. NIZAM**
TKMC Kollam
8848249650



**SINU DAS**
THS Pampady
9544352952



**K M NAZAR**
GEC Idukki
9946850543



**ROBIN AMBROSE**
GPTC Muttom
8089057419



**LALSON K C**
THS Kuttipuram
9895725966



**BABY MATHEW**
GPTC Kothamangalam
9846976624



**VINEETH K V**
THS Ayavana
9895472858



**PRASANNAKUMAR**
GPTC Adoor
9497779041



**JAIMON Z T**
GPTC Punalur
9947971033



**SHIJU K**
THS Palakkad
9995214244

**DAMIYAN P D**
GEC Kozhikode
9249222109

**MUHAMMAD AMEER M P**
THS Vadakara
9947194633



**SATHEESAN K**
GEC Kannur
9495895024

**MUJEEB RAHMAN**
GCE Kannur
9539480455



**SACHITHRAN M**
GPTC Palakkad
9249222109



**JYOTHISHKUMAR M K**
THS Cheruvathoor
9496023345



**SAJEEV T**
SNPTC Kanchangadu
9495863872



**SURESH KUMAR A V**
GPTC Meenangadi
8281124932



**JIJO T R**
GPTC Meenangadi
9746673787

# സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധികൾ അവതരിപ്പിച്ച പ്രമേയങ്ങൾ

1. **പത്തനംതിട്ട ജില്ല :** ശമ്പള പരിഷ്കരണത്തിൽ ജീവനക്കാർക്ക് മുൻപത്തേപ്പോലെ ഓപ്ഷൻ തെരഞ്ഞെടുക്കുവാനുള്ള അവസരം ലഭിക്കണം. പ്രമോഷൻ ചാൻസ് ഇല്ലാത്ത ട്രേഡ് ഇൻസ്ട്രക്ടർ കാറ്റഗറിക്ക് സെലക്ഷൻ ഗ്രേഡ് അനുവദിക്കണം.
2. **കോഴിക്കോട് ജില്ല :** ഡിപ്ലോമ യോഗ്യതയുള്ള ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സ്ഥാനക്കയറ്റം വർഷങ്ങളായി നടക്കുന്നില്ല. പ്രമോഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
3. **വയനാട് ജില്ല :** ഇരുപതുവർഷം പൂർത്തിയാക്കുന്ന വയനാട് എഞ്ചിനീയറിംഗ് കോളേജിൽ ടെക്നിക്കൽ ജീവനക്കാർക്ക് പോരായ്മകൾ മാത്രമേ ഉള്ളൂ. എ.ഐ.സി.ടി.ഇ. നിർദ്ദേശപ്രകാരമുള്ള സ്ഥിരം ടെക്നിക്കൽ സ്റ്റാഫുകൾ ഇവിടെ കുറവാണ്. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവർത്തിൽ പഠന റിപ്പോർട്ടിലെ ശുപാർശകൾ ഉടൻ നടപ്പിലാക്കുക.
4. **കണ്ണൂർ ജില്ല :** നിലവിൽ പി.എസ്.സി. വിളിച്ചിട്ടുള്ള ട്രേഡ് ഇൻസ്ട്രക്ടർ ടർണർ തസ്തികകളിൽ രണ്ടൊഴുവിൽ മാത്രമേ പി.എസ്.സി. നിയമനം നടത്താവൂ.
5. **കാസർഗോഡ്ജില്ല :** ജീവനക്കാർക്കു കിട്ടേണ്ട പ്രമോഷൻ മാനേജ്മെന്റിന്റെ തർക്കത്തിന്റെ ഭാഗമായി നീളുകയാണ്. ഇതിന് ഒരു പരിഹാരം ഉണ്ടാകണം.
6. **പാലക്കാട് ജില്ല :** നിലവിൽ 5 പോളിടെക്നിക് കോളേജുകളിൽ ഇൻസ്ട്രമെന്റേഷൻ ഡെമോൺസ്ട്രേറ്റർ തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിലും അവയൊന്നും വർഷങ്ങളായി നികത്തുന്നില്ല. ഈ സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ തസ്തികകളിൽ പ്രമോഷൻ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. **കോട്ടയം :** കമ്പ്യൂട്ടർ ബ്രാഞ്ചിൽ പ്രമോഷൻ മരീചകയായി. പത്തുവർഷം എൻട്രി കേഡറിൽ (ട്രേഡ്സ്മാൻ) പൂർത്തിയാക്കിയിട്ടും ട്രേഡ് ഇൻസ്ട്രക്ടർ ആയി പ്രമോഷൻ ലഭിക്കാത്ത ഇരുപതോളം ജീവനക്കാരാണുള്ളത്. ടെക്നിക്കൽ സ്കൂളുകളിലും ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലും കമ്പ്യൂട്ടർ പഠനം ഒരു പ്രത്യേക പേപ്പറായി നിലവിലുണ്ടെങ്കിലും ടെക്നിക്കൽ യോഗ്യതയുള്ള ആളുകളല്ല പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. ഇവിടങ്ങളിൽ ട്രേഡ് ഇൻസ്ട്രക്ടർ (കമ്പ്യൂട്ടർ) തസ്തിക അനുവദിക്കുക.
8. **പത്തനംതിട്ട ജില്ല :** പോളിടെക്നിക് കോളേജുകളിൽ തിയറി പരീക്ഷയുടെ ചുമതലകളിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികയിലുള്ള ജീവനക്കാരെ മാറ്റി നിർത്തുന്ന പ്രവണ അവസാനിപ്പിക്കുക. വിദ്യാർത്ഥികളുടെ സ്റ്റഡിടൂറിന് അനുഗമിക്കേണ്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റിൽ ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികയിലുള്ള ജീവനക്കാരെ ഒഴിവാക്കിയിരിക്കുന്നു. ഇത് പുനഃപരിശോധിക്കുക. NTTTR നടത്തുന്ന ഷോർട്ട്ടേം കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള അനുവാദം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## ജനറൽ സെക്രട്ടറിയുടെ കോളം



ശ്രീ. ഉണ്ണിക്കൃഷ്ണൻ മാഷ് കഠിന പ്രയത്നത്തിലൂടെ തുടക്കം കുറിച്ച ആക്റ്റോയ്ക്ക് 1992 ൽ കേരള ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും ട്രേഡ്സ്മാൻമാരുടെയും വിഭാഗത്തിൽ കക്ഷിരാഷ്ട്രീയമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സംഘടനയാണ് ആക്റ്റോ.

28-ാം സംസ്ഥാന സമ്മേളനം 2018 മാർച്ച് 10 ന് പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ വെച്ച് നടന്നു. സമ്മേളനം ഭംഗിയായി ക്രമീകരിച്ച് വിജയിപ്പിച്ച പാലക്കാട് ജില്ലാ നേതൃത്വത്തിന് നന്ദി രേഖപ്പെടുത്തുന്നു. മറ്റുള്ള സമ്മേളത്തിൽ നിന്നും വ്യത്യസ്തമായി 14 ജില്ലകളിലുമുള്ള പ്രതിനിധികൾ പങ്കെടുത്തു എന്ന സവിശേഷത ഇതിനുണ്ട്.

28 വർഷങ്ങൾ പിന്നിട്ട ഈ സംഘടനയ്ക്ക് ഇപ്പോൾ പുതിയ വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. അത് നേരിടുകയാണ് സംഘടന ഇനി ചെയ്യേണ്ടത്.

സംസ്ഥാന സമ്മേളനത്തിൽ പുതിയ നേതൃത്വത്തെ ഐക്യകണ്ഠേന തെരഞ്ഞെടുത്തിരിക്കുന്നു. പുതിയ നേതൃത്വം അവരുടെ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റുവാൻ ബാദ്ധ്യസ്ഥരാണ്. അതിന് അവർ തയ്യാറുമാണ്. ആയതിനാൽ ആശങ്ക അകറ്റി ശുഭ പ്രതീക്ഷയോടെ ഐക്യത്തോടെ ഒറ്റക്കെട്ടായി ഒരേ മനസ്സോടെ ഒരേ ലക്ഷ്യത്തിലേയ്ക്ക് നമുക്ക് ഒന്നിച്ചു നീങ്ങാം.

**സൂരജ് ജി.,** ജനറൽ സെക്രട്ടറി




## ആക്റ്റോ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്

14-7-2018 ന് ഉച്ചയ്ക്ക് 12 ന് ആലുവ എവറസ്റ്റ് ഹോട്ടലിൽ വെച്ച് പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുകയുണ്ടായി. യോഗത്തിൽ പന്ത്രണ്ട് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. ഉച്ചയ്ക്ക് 2.30 ന് യോഗനടപടികൾ അവസാനിച്ചു.

**യോഗതീരുമാനങ്ങൾ**

1. റേഷ്യോ പ്രമോഷന്റെ ഫയലിൽ എന്തു നടപടിയെടുത്തു എന്ന് വിവരാവകാശ നിയമപ്രകാരം ചോദിക്കുവാൻ തീരുമാനിച്ചു.
2. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം ക്രിയേറ്റു ചെയ്ത ഫയൽ ആയതിനാൽ വീണ്ടും മുഖ്യമന്ത്രിയെ കാണുവാൻ തീരുമാനിച്ചു.
3. 10-ാം ശമ്പള കമ്മീഷനിലെ അനോമലി പരിഹരിക്കുവാൻ ആവശ്യമായ നിയമോപദേശം തേടുവാൻ തീരുമാനിച്ചു.
4. അടുത്ത സ്റ്റേറ്റ് കമ്മിറ്റിയിൽ ഇതുവരെയുള്ള കണക്കുകൾ അവതരിപ്പിച്ചു പാസ്സാക്കുവാൻ തീരുമാനിച്ചു.
5. ബൈലോ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ. എസ്. വത്സലകുമാറിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചു.
6. തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ 19-7-2018 വ്യാഴാഴ്ച രാവിലെ 10 മണിക്ക് മീറ്റിംഗ് കൂടുവാനും മെക്കാനിക്കൽ വിഭാഗത്തിലെ ട്രേഡ്സ്മാൻ/ട്രേഡ്ഇൻസ്ട്രക്ടർമാരുടെ വിഷയം ചർച്ച ചെയ്യുവാനും മെമ്പർഷിപ്പ് വിതരണോദ്ഘാടനവും ന്യൂസ്ലെറ്ററിന്റെ പ്രകാശനവും നടത്തുവാനും സ്റ്റേറ്റ് കമ്മിറ്റിയിലെ പരമാവധി അംഗങ്ങൾ അതിൽ പങ്കെടുക്കുവാനും തീരുമാനിച്ചു. തൃശ്ശൂർ ജില്ലാ കമ്മിറ്റി രൂപീകരിക്കുവാനും ഭാരവാഹികളെ തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു.
7. എല്ലാ ജില്ലാ കമ്മിറ്റികളും അടിയന്തിരമായി കൂടുവാനും അവരുടെ നേതൃത്വത്തിൽ അതാത് ജില്ലകളിലെ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും തീരുമാനിച്ചു.
8. പത്തനംതിട്ട ജില്ലാ സമ്മേളനം തീരുമാനിച്ച സംസ്ഥാന കമ്മിറ്റി അംഗങ്ങളിൽ തക്കതായ കാരണത്താൽ മീറ്റിംഗിൽ പങ്കെടുക്കാതിരുന്ന ശ്രീ. ജെയ്മോന്റെ നോമിനേഷൻ അംഗീകരിക്കാൻ തീരുമാനിച്ചു.

## 2018-19 വർഷത്തെ സംഘടനാ ഭാരവാഹികൾ

റിട്ടേണിംഗ് ഓഫീസർ ശ്രീ. വി. ഗംഗാധരന്റെ നേതൃത്വത്തിൽ ഐകകണ്ഠേന ഭാരവാഹികളെ തെരഞ്ഞെടുത്തു.

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | ബിജു എസ്, SNPTC കൊട്ടിയം |
| ജനറൽ സെക്രട്ടറി | സൂരജ് ജി., RIT കോട്ടയം |
| ട്രഷറർ | വി.പി.എൽദോസ്, MACE കോതമംഗലം |
| വൈ.പ്രസിഡന്റുമാർ | എസ്. വത്സലകുമാർ, GCE കണ്ണൂർ<br>ആന്റണി സിജു ജോർജ്, GEC വയനാട്<br>ആർ.ഗിരിചന്ദ്രൻനായർ, NSS പന്തളം<br>എൻ.ആർ. ശ്രീജിമോൻ, GPTC കോട്ടയം |
| ജോ. സെക്രട്ടറിമാർ | സന്തോഷ്കുമാർ പി.സി. THS മഞ്ചേരി<br>രഞ്ജിത്കുമാർ, GEC പാലക്കാട്<br>അജയകുമാർ, KGPTC കോഴിക്കോട്<br>പ്രഭാത്, SNPTC കാഞ്ഞങ്ങാട് |
| സോണൽ സെക്രട്ടറിമാർ | സലിം എ. TKMC കൊല്ലം<br>കിരൺ എം, GPTC മുട്ടം<br>ജോബി ജോയ്, MACE കോതമംഗലം<br>നാദിർ എം., WPTC കോട്ടയ്ക്കൽ |
| ഓഡിറ്റേഴ്സ് | സചിത്രൻ എം., GPTC പാലക്കാട്<br>ബീനാകുമാരി, RIT കോട്ടയം |

Bank Account Details:
Syndicate Bank, Aluva Branch
A/c No : 46002200097005, IFSC Code : SYNB0004318,
MICR Code : 682025013

**Editorial Board**
Sri. Biju S., Sri. Sooraj G., Sri. V.P. Eldhose,
Sri. S. Valsalakumar, Sri. R. Giri Chandran Nair

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesmans Organization, State Committee. Designed by : Amma digital Kottayam. Printed at : Dona Colour Printers, Kottayam*